# എസ് എം ടി ജി എച്ച് എസ് ചേലക്കര

# വൈഖരി

**ഡിജിറ്റൽ മാഗസിൻ 2018 -19**



പ്രസിദ്ധീകരിക്കുന്നത് : എസ് എം ടി ജി എച്ച് എസ് ചേലക്കര

മാഗസിൻ കമ്മിറ്റി :ജ്യോതിമോൾ കെ സി (കൺവീനർ)

സുജിത് പി സ്

മുഹമ്മദ് താഹ പി ബി

ഗോവിന്ദ് കെ വി

# ഉള്ളടക്കം


സന്ദേശം

കഥ

കവിത



ശ്രീമൂലം തിരുനാൾ ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂൾ ചേലക്കര

ചേലക്കര

തൃശ്ശൂർ

**680586,**

**smtghschelakkara@gmail.com**



ബേബി  എം

പ്രധാന അദ്ധ്യാപിക

ശ്രീ മൂലം തിരുനാൾ

ഗവണ്മെന്റ്  ഹയർ

സെക്കൻഡറി സ്കൂൾ


ചേലക്കര

# സന്ദേശം

*ശ്രീ മൂലം തിരുനാൾ  ഗവണ്മെന്റ്  ഹയർ സെക്കൻഡറി സ്കൂൾ  ചേലക്കര*

*ലിറ്റിൽ  കൈറ്റ്സ്  യൂണിറ്റെന്റെ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷവും ചാരിതാർഥ്യവും അറിയിക്കുന്നതോടൊപ്പം ഈ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു*

ബേബി  എം



# യാത്ര തുടരുന്നു.......................

പുഴയുടെ താളം പോലെ
മഴയുടെ സംഗീതം പോലെ
ശ്രുതി ചേരുന്ന ജീവിതത്തിന്റെ
സ്നേഹ ഗീതികൾ
അടർന്നുവീഴുന്ന ഇലകൾ പോലെ
കാലം കടന്നുപോകെ
കൈവിരൽ തുമ്പിൽ നിന്നും
വാർന്നുവീഴുന്ന അക്ഷരങ്ങൾ ആകുന്ന
ഓർമ്മകൾ
സമയമാപിനിയിലെ സൂചികൾക്കൊപ്പം
മുന്നോട്ടുള്ള യാത്രകൾ തുടരാം
കണ്ടറിഞ്ഞ സത്യങ്ങൾ മനസ്സിൽ
ഉൾക്കൊണ്ട്‌ കേട്ടറിഞ്ഞ പാഠങ്ങൾ
പകർന്നുതന്ന വഴിയിലൂടെ യാവട്ടെ
ഇനിയുള്ള യാത്രകൾ



മുഹമ്മദ്‌ താഹ ( 9 A)






# മഴ

മഴ  പെയ്യുവാൻ കൊതിച്ച

ഒരു കാലമുണ്ടായിരുന്നു

മേഘങ്ങൾക്കിടയിൽനിന്നും ഒരിറ്റു

മഴത്തുള്ളി എനിക്കായി പിറന്നപ്പോൾ

ഒരുപാടു സന്തോഷിച്ചു
എന്നും മഴ പെയ്യുന്നതു ഒരു സുഖമുള്ള

അനിഭ്രുതിയായി തോന്നി
ഞാൻ അറിയാതെ മഴയെ സ്നേഹിച്ചു



മഴ എന്നേയും
ഇപ്പോൾ ഒരു  വേനൽ  എന്നെ  നോക്കി പുഞ്ചിരിക്കുന്നു

എൻ്റെ മഴ

എന്നെ  വിട്ടു പോകാൻ സമയം ആയി

വരുംപുലരികളിൽ എന്നെ വിളിച്ചുണർത്താൻ

ഇനി മഴ ഉണ്ടാകില്ല

എങ്കിലും ഇനി അടുത്ത മഴക്കാലത്തിനായി

ഞാൻ കാത്തിരിക്കുന്നു



എൻ്റെ മഴക്കായി ഞാൻ കാത്തിരിക്കുന്നു

മുഹമ്മദ് താഹ  ( 9  A)



# അമ്മ



നെറ്റിയിൽ സിന്ദൂരത്തിൻ തിളക്കം

നെഞ്ചിൽ മാതൃത്വത്തിൻ വിങ്ങൽ

വാക്കുകളിൽ തേനിൻ മധുരം

അമ്മയെന്നുച്ചരിക്കുമ്പോൾ

മനസ്സിൽ സ്നേഹത്തിൻ വീർപ്പുമുട്ടൽ

കരഞ്ഞുതളർന്ന കുഞ്ഞിനുപാലുകൊടുക്കുന്നോരമ്മ

പുസ്തക സഞ്ചിതൻ ഭാരവുമേറി

പള്ളിക്കൂടത്തിലെത്തിക്കുന്നൊരമ്മ

മക്കൾ തൻ വിജയങ്ങളിലഭിമാനിക്കുന്നൊരമ്മ

ഹൃദയത്തിലേക്കൊഴുക്കട്ടെ ഞാനുമ ഗംഗയെ

മാതൃസ്നേഹത്തിൻ വറ്റാത്ത ഗംഗയെ



പ്രീതി കെ സ്
അദ്ധ്യാപിക

# ചിത്ര ശലഭം




ചിത്രശലഭമേ നിന്നെക്കാണാൻ

എന്തൊരഴകാണ്

പൂന്തേൻ നുകരുംചിത്രശലഭമേ

എങ്ങോട്ടാണ് നീ പോകുന്നത്

പുള്ളിക്കുപ്പായുവമണിഞ്ഞു നീ

ആടി രസിക്കാൻപോകുന്നോ

നിന്നെ കാണാൻ അഴകാണ്

എത്ര കണ്ടാലും മതിയാകില്ല

ഷഹന (9 ജി )





# സൈക്കിൾ




ഇരുമ്പു കൊണ്ടൊരു കൊമ്പൻ കാള

ഇരുന്നു പോകാം പോരുന്നോ

ഇരുന്നു കാലാൽ ഒന്ന് മെതിച്ചാൽ

വിരണ്ട് പായും ഈ കാള

വിരണ്ട നേരത്താളുകളറിയാൻ

ഇരുമ്പുകൊമ്പിൽ മണിയുണ്ട്

കൈവിരലൊന്നു ചലിപ്പിച്ചാൽ

കേൾക്കാം മണിയടി

ണിം .....ണിം ......ണിം ......



സിസ്വിൻ ഷിനോദ് ( 9 )

# രാമന്റെ ബുദ്ധി

കൈലാസനാഥന്‍ രാജാവ് വളരെ ബുദ്ധിമാന്‍ ആയിരുന്നു . കനകദേശം വാണിരുന്ന അദ്ദേഹം തന്റെ രാജസദസ്സില് പലപ്പോളും ബുദ്ധിപരീക്ഷണങ്ങള് നടത്തിയിരുന്നു .രാജസദസ്സിലെമന്ത്രിയായിരുന്ന രാമന്‍ ആണ് എല്ലയിപ്പോഴും ഉത്തരം പറഞ്ഞിരുന്നത്. ഇതുമൂലം രാജസദസ്സില്ലെഎല്ലാവര്‍ക്കും അദ്ദേഹത്തോട് ദേഷ്യമായിരുന്നു . ഒരിക്കല്‍ അദ്ദേഹത്തെ തോല്പ്പിക്കാന്‍ രാജസദസ്സിലെ ജനങ്ങള് ഒരു വഴികണ്ടു പിടിച്ചു . രാമന്റെ ബുദ്ധിയെ പറ്റി ജനങ്ങള്‍ക്കുള്ള താല്പര്യത്തെ കുറിച്ച് ഇവര്‍ രാജാവിനോട് സങ്കടം ഉണര്‍ത്തിച്ചു . രാജാവ് പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു "രാമനോട് വരാന്‍പറയൂ" രാമന്‍ വളരെ വേഗം അവിടെഎത്തി. "എടോ രാമാ തന്റെ ബുദ്ധി ശക്തി അപാരമല്ലേ ഞാന്‍ ചോദിക്കുന്ന ഒരുചോദ്യത്തിന് ഉത്തരം പറയൂ "ആരാണ് ബുദ്ധിമാന്‍" ?

രാമന്‍ പറഞ്ഞു : പ്രാഭോ ശരിക്കുംആരാണ് ബുദ്ധിമാന്‍ ? ഒരിക്കലും ആരും ബുദ്ധിമാന്‍ ആകുന്നില്ല, എന്തിന് ഞാന്‍ പോലും ബുദ്ധിയുടെ സാകരത്തില്‍ ഒരു കുഞ്ഞാണ് പ്രാഭോ .രാജാവ് രാമന്റെ ബുദ്ധിയെ അഭിനന്ദിച്ചു .രാജസ്സദസ്സ് നിശബ്ദമായി . പിന്നീട് ഒരിക്കലും ഒരാളും രാമന്റെ ബുദ്ധിയെ പരീക്ഷിച്ചിട്ടില്ല.

- സുജിത്ത് പി എം

*9G*

# പ്രളയ കേരളം

ചിങ്ങം പിറന്നു മഴക്കാലം വന്നുകഴിഞ്ഞു.
രണ്ടുവർഷം പെയ്യാതിരുന്ന മഴ കേരളത്തെ
ഒന്നടങ്ങം വിഴുങ്ങാൻ ഒരു നട്ട്ക്കത്തോടെ
വന്നെത്തി.ഒരു മാസത്തോളം നിണ്ടുനിന്ന മഴയെ എല്ലാവരും ചേർന്ന് ഒറ്റക്കെട്ടായി നേരിട്ടു.
കേരളത്തിന് ഒട്ടുമിക്ക ഭാഗങ്ങളും വെള്ളത്തിനടിയിലായി.ആ മഴയിൽ പല വീടുകൾ പല മനുഷ്യർ കുഞ്ഞുകുരുന്നുകൾ
എന്നിവർ വെള്ളത്തോടൊപ്പം പോയി.ഒരായിരം
സ്വപ്നങ്ങൾ കണ്ടുകൊണ്ട് കിടന്നുറങ്ങിയവർ
പലരും പിറ്റെ ദിവസം ഉണർന്നില്ല.ഒരുപാട് വീട്ടുപകരണങ്ങളും വസ്ത്രങ്ങളും നഷ്ടപ്പെട്ടു.
ഉടുതുണിക്ക് മറിത്തുണിയില്ലാതെ പല ക്യാമ്പുകളിൽ അന്തിയുറങ്ങി.രാവിലെ ഉണർന്നപ്പോൾ
പുറത്തിറങ്ങാനാവതെ കുടുങ്ങി കിടക്കുന്നു.അവരെ രക്ഷിക്കാനെത്തിയ
രക്ഷാസേനകൾ സ്വന്തം ജീവൻപോലും നഷ്ടപ്പെടുത്താൻ തയ്യാറായ മൽസ്യതെഴിലാളികൾ നമ്മുടെ കൂടെ നിന്ന്
ആളുകളെ രക്ഷിക്കുകയും ക്യാമ്പുകളിൽ എത്തിക്കുകയും അവർക്ക് ആവശ്യമായ ഭക്ഷണം,വസ്ത്രം എന്നിവ
എത്തിക്കുകയും ഒരേ മനസ്സോടെ ജീവകാരുണ്യപ്രവർത്തനത്തിനായിറങ്ങി.
കേരളത്തിന് കോടിക്കണക്കിന്ന് നാശനഷ്ടങ്ങൾ
ഉണ്ടായെങ്കിലും നമ്മൾ അതിനെ വിണ്ടെടുത്തു.
നല്ല മനസ്സോടെ കേരളം തിളങ്ങി നിൽക്കട്ടെ.

GOVIND K.V
9.F

# അമ്മ എന്ന സ്നേഹം

നമ്മുടെ മാതാവു കൈരളി - പണ്ടൊരു
പെണ്മണിപ്പൈതലായ്
വാണകം- യാതൊരു ചിന്തയുമില്ലാ -
തെക കേവലം ചേതസി തോന്നിയ
മാതിരിയില്, ഏടലര്ച്ചെങ്കാല്ച്ചിലങ്ക
കിലുങ്ങുമാ- റോടിക്കളിച്ചു രസിച്ച കാലം
പെറ്റമ്മതന്നുടെ വെണ്മുലപ്പാല് തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താല്
പാടിയിരുന്ന പഴങ്കഥപ്പാട്ടുകള്
പാല്ക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം

GOVIND K V
9 F

ശുഭം